
PIXELS
DIGITAL
MAGAZINE

# G M H S S CHEERAL

# അമ്പതിൻ നിറവിൽ മുന്നോട്ട്........



## കവിതകൾ...


- ✔ കലാലയം 9
- ✔ ജീവിതം തന്നെ ലഹരി.... 10
- ✔ പ്രളയം 11
- ✔ പ്രകൃതി 12
- ✔ കാട്ടുജീവിതം 13
- ✔ NATURE'S TEAR 14


## കഥകൾ.....


- ✔ അമൃതാ ദേവി 15
- ✔ THE HIJACK HEROINE 16


## ലേഖനങ്ങൽ , ഉപന്യാസങ്ങൾ


- ✔ NATURE WONDERMENT 18
- ✔ FLOOD ....... IS IT A MAN MADE OR NATURAL DISASTER 19
- ✔ ഹൈ-ടെക്ക് വിദ്യാഭ്യാസവും അദ്ധ്യാപക ശാക്തീകരണവും 20
- ✔ അമ്പിളിമാമന്മാരുടെ എണ്ണം കൂട്ടാനൊരുങ്ങി ചൈന 23
- ✔ വയനാട്ടും പ്രളയവും 24

- ➢ NUMBER AND PUZZLES 26
- ➢ പദപ്രശ്നം 27
- ➢ MATHS PUZZLES 28
- ➢ DISCIPLINE 29
- ➢ സ്കൂളിന്റെ അഭിമാനം 30
- ➢ ചിത്രരചന
- ➢ നന്ദി 31

മറ്റെന്തിനെക്കാൾ മൂർച്ചയുണ്ട് നാരായത്തിന്.ഓരോ നാരായമുനകളിൽ നിന്നും വരുന്നത് വാക്കുകളല്ല മറിച്ച് മാറ്റങ്ങളാണ്. സമൂഹത്തെയും വ്യവസ്ഥിതികളെയും മാറ്റിമറിച്ച് വർണ്ണങ്ങളുടെയും സങ്കല്പങ്ങളുടെയും ലോകം സൃഷ്ടിക്കുന്നുണ്ട് നാരായം. ഓരോ കുട്ടിയും ഒരോ നാരായമാണ്. അവന്റെ ചിന്തകളുടെ മൂർച്ചയും ഭാവനയുടെ വർണ്ണലോകവും ചേർന്ന് നവലോകം സൃഷ്ടിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾ കൺതുറന്നു കാണുന്ന കാഴ്ച്ചകൾ അവരുടെ വിരലുകളിലൂടെ നാരായങ്ങളിലൂടെ ഉണർന്നു വീഴുമ്പോൾ അത് പുതിയൊരു ലോകത്തിലേക്കുള്ള വഴി തുറക്കലാവട്ടെ..നന്മയുടെയും പ്രതീക്ഷകളുടെയും ഉണർവുകളുടെ ലോകത്തിലേക്ക് ഞങ്ങളുടെ കുട്ടികൾ നീട്ടിയ നാരായ മുനകൾ ഇതാ നിങ്ങളുടെ മുന്പിലേക്ക്........

എഡിറ്റർ

# അവിസ്മരണീയം










# EDITORIAL BOARD


## PATHROSE ALAN ANTONY

## ABHISHA GANGA

## MUHAMMED MIDLAJ

## ADARSH S KUMAR

## DWIJAKRISHNA

## GAUTHAMI

## VISHNUMAYA


## സന്ദേശം

### ചീരാൽ ഗവ.മോഡൽ ഹയർ സെക്കണ്ടറി

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു  എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷികൾ പരിപോഷിപ്പിക്കുവാൻ ഈ ഉദ്യമം സഹായിക്കും എന്നുള്ളതിൽ തർക്കമില്ല. ഇതിനു വേണ്ടി പരിശ്രമിക്കുന്ന എല്ലാവിദ്യാർത്ഥികളേയും പിന്തുണ നൽകുന്ന അധ്യാപകരേയും ഞാൻ അനുമോദിക്കുന്നു. ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു

സനൽ കുമാർ കെ.കെ

ഹെഡ് മാസ്റ്റർ

കലാലയമേ... നീ എനിക്കിന്നാരാണ്?....

അറിയില്ലാ.. ഇന്നു നീ എന്റെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു.

എന്റെ ഓർമ്മപുസ്തകത്തിലെ നിന്റെ താളുകൾക്ക് വർണ്ണം നഷ്ടപ്പെടുകയില്ല .

അതിന്റെ നിറം മങ്ങുകയുമില്ല ......

കലാലയമേ.. നീ ഞങ്ങൾക്കായി



ഒരു പൂക്കാലം സമ്മാനിച്ചു......
കാലങ്ങൾ പൊഴിഞ്ഞാലും അതിന്റെ
സുഗന്ധവും നിറവും ഞങ്ങളുടെ മനസ്സിൽ
ഒരു തണുത്ത ുവൽ സ്പർശമായി
ബാക്കിനിൽക്കുമെന്നുറപ്പാണ്.

കലാലയമേ.... ഞങ്ങൾക്ക് പടിയിറങ്ങാൻ...

ഇനി അധികസമയം ബാക്കിയില്ല....

അന്നു നീ കരയരുത്....
ഒരുപാടു കാലടികൾ നിന്നെ തേടിയെത്തും

നീ അവൾക്കായി ഒരു പൂക്കാലംസമർപ്പിക്കുകകലാലമേ.... നീ ഞങ്ങളുടെ മനസ്സിലെ മായാത്ത ഓർമ്മയാണു ...

അവശേഷിക്കുന്നതൊന്നുമാത്രം , സ്നേഹത്തിന്റെ, അതിലുപരി കടപ്പാടിന്റെ

ഒരു വരി.... നന്ദി മാത്രം.

ഫിദ ഷെറിൻ

10 .എ

10 കവിത

# ജീവിതം തന്നെ ലഹരി

ലഹരി നരയുമീ മധുപാത്രമാണെന്റെ
ജീവിത ലഹരിയെന്നോർത്തു ഞാനും
പെറ്റവയറിനെയോർത്തീല
നൊന്തു പോറ്റിയോരച്ഛനെ മതിച്ചില്ല
അകം നൊന്തു കരയുമവർക്ക് തീരാവേദന
നൽകുമീ ലഹരി



'കുടിമാറാൻ കല്യാണമുത്തമ്മ'യെന്നോതി
ലക്ഷമിയാം പെണ്ണിനെ കുടിയിരുത്തി
'മൂധേവി'യെന്നു വിളിച്ചു ദ്രോഹിച്ചു ഞാൻ
മദ്യത്തിൻ വീര്യമവളിൽ തീർത്തുകുഞ്ഞൊന്നു വലരുമ്പോൾ ഒക്കെമാറും എന്ന്
വെറുതെ മോഹിച്ചു പോയി അവളും
അരവയർ നിറക്കുവാൻ പാവമാം എൻ പാതി
അയൽ വീട്ടിൽ എച്ചിൽ കഴുകി നീക്കിന്നമ്മയവളുടെ അമ്മയായി മാറി
പൊന്നായി കരുതിയാ വാർദ്ധക്യത്തെ
പോറ്റദോഷത്തിന്റെ കുറ്റം നികത്തുവാൻ
അച്ഛനോ ഒരു മുഴം കയരിൽ തീർന്നു
എന്നിട്ടുമെന്നിട്ടും മധുപാനലഹരിയെ
വിട്ടു കളഞ്ഞീല പാപിയാം ഞാൻ
കുടിയെന്റ മകളെന്നു വിളിക്കേട്ട് നൊന്തുകരഞ്ഞു എൻ മകളും
കൊന്നു ഞാനമ്മയെ കുഞ്ഞിനെ പിന്നെയെൻ
പ്രാണനിൽ പ്രാണനാം പാതിമെയ്യെ
പ്രിയരെ മറക്കായ്ക മദ്യം വിഷമത്രേ
പ്രിയരെ കൊല്ലുന്ന ഭൂതമത്രേ......

അഭിഷ ഗംഗ
9.എ

11 കവിത

# പ്രളയം

എന്റെ കണ്ണുനീര് വീണ്-
ഒരു നാളീ ഭൂമിയിൽ-
പ്രളയമുണ്ടാകും-
അതിൽ,
കൊടികളും കോടതികളും-
ഒലിച്ചു പോകും-
ഒരു നാളീ ഭൂമിയിൽ-
പ്രളയമുണ്ടാകും-
അതിൽ,
ശ്മശാനങ്ങളും
ഭ്രാന്താലയങ്ങളും-
ഒലിച്ചു പോവില്ല
എന്റെ കണ്ണുനീര് വീണ്-
ഒരു നാളീ ഭൂമിയിൽ
പ്രളയമുണ്ടാകും



മുബഷീറ
8 .ഡി

12 കവിത

# പ്രകൃതി

വെട്ടിത്തിളങ്ങുന്ന സൂര്യന്റെ നെഞ്ചത്ത്

പൊട്ടിച്ചിതറും വെണ്ണപൊഴികകൾ
ആകാശ ദീപങ്ങൾ നെയ്ത്തിറങ്ങുന്നിത



വെണ്ണപൊഴികകളായവിടെ.........
താളമിട്ടാടുന്ന കാറ്റിന്റെ കൈകളാൽ
ഇലകളും പൂക്കളും ചാടിക്കളിക്കുന്നു
ഇളനിലാവിലെ വെണ്ണക്കണികകൾ
താളമിട്ടാടുന്നു കാറ്റിലൂടെ..........
കളകളമൊഴുകുന്ന
കാട്ടിലെ അരുവിയിൽ
ചിന്നി ചിതറിക്കൊണ്ട്
വീഴുന്ന മുത്തുകൾ.......
കത്തുന്ന സൂര്യന്റെ
വർണ്ണ പ്രകാശത്തിൽ
ഉരുകിക്കളിക്കുന്ന
സസ്യങ്ങളെ.........

ആര്യ സി.എസ്
9.സി

13 കവിത

# കാട്ടു ജീവൃതം

മനുഷ്യന്റെ പ്രിയമാർന്ന കാട്



കുയിലിന്റെ പാട്ടും അണ്ണാൻ ചിലമ്പലും
എല്ലാമുൾക്കൊണ്ടകാട്
മനുഷ്യന്റെ പ്രിയമാർന്ന കാട്
ഇവിടെയുണ്ട് മനുഷ്യർ വെറും-
കുടിലിൽ വസിക്കും മനുഷ്യർ
കാട്ടിലെ മുളകൊണ്ട് കുടിയതുണ്ടാക്കിയും
പച്ചമാംസം വേവിച്ചുഭക്ഷിച്ചും
മരുന്നിനായി പ്രകൃതിയുടെ പൂഞ്ചേല കീറി
ഇടിച്ചും പിഴിഞ്ഞും ചവച്ചും ഇറക്കിയും
ജീവിക്കുമവരിന്നുമെന്നും.

എവിടെയാണെന്നോ അറിയില്ലറിവില്ല
കാടിന്നു പുറമവർ കണ്ടതില്ല.
ശൗചാലയമില്ല നല്ലൊരു വീടില്ല
നല്ലതു പറയുവാനാരുമില്ല
ജീവിക്കുമവരിന്നുമിനിയെന്നും
കാടിന്റെ സ്നേഹം കൊണ്ടുമെന്നും
നമ്മളറിയണം കാടിന്റെ മക്കളെ
കറുത്ത നിറമാർന്നവരെ
അരുത് ! നീ അവരെ അറുക്കരുത് നീ
അവരും മനുഷ്യരാണവർക്കുമൊരു ഹൃദയമുണ്ട്
അവർ നിന്നെക്കാളൊക്കെ ഭേദമാണ്.

കാവലാണ് അവർ കാവലാണ്
ഈ പ്രകൃതിക്ക് കിട്ടിയ ഭാഗ്യമാണ്
അവർക്കിന്നു കാവലായി മലയുണ്ട് പുഴയുണ്ട്
അവർക്കിന്നു കാവലായി മലയുണ്ട് പുഴയുണ്ട്കാറ്റുണ്ട് വന്യമൃഗങ്ങളുണ്ട്കാറ്റുണ്ട് വന്യമൃഗങ്ങളുണ

**അഭിനന്ദ് വി ബി 8.എ**

***14 poem***

# *NATURE'S TEAR*



*Flood ,caused by man*
*Trees cut down ,*
*Forests cleared ,*
*No plants , No greenery ,*
*Nature lost its diversity ,*
*Soil lost its fertility*
*and the land became empty*
*It rained and flooded*
*to fill the land with water.*

*Man harmed the earth without fear,*
*and the earth reacted with tear.*
*Humans polluted without caring ,*
*It was so destructive that she couldn't stop crying .Cruel men harmed her ,*
*But she harmed all others.*

*Thousand killed ,*
*Wealth looted ,*
*Buildings destructed.*
*We harmed her so much*
*that she had to punish us this much.*
*Deforestation , pollution , global warming ,*
*We harmed her a lot.*
*But she reacted just through a flood and*
*that was enough for complete destruction*

*Rich and poor ,*
*black and white ,*
*men and women ,*
*all harmed by her without difference.*

**Dwija Krishna 9.A**

*15 കഥ*

# അമൃതാ ദേവി

രാജസ്ഥാനിലെ ഒരു ഗ്രാമമാണ് ഖെജർലി . സമാധാനപ്രിയരായിരുന്ന ബീസ്ലോയ് വിഭാഗമായിരുന്നു അവിടുത്തെ താമസക്കാർ . അവിടെ എന്നും




കൊടും വരൾച്ചയും ചൂടുമാണ് .ഈ നാട്ടിലെ ഖേജ് രി മരങ്ങളായിരുന്നു അല്പമെങ്കിലും തണലും തണുപ്പും നൽകിയത് .ചൂടുക്കാറ്റോടൊപ്പം പൊങ്ങിയുയരുന്ന മണലും പൊടിയും തടഞ്ഞുനിർത്തുന്നതും ഈ മരങ്ങൾ തന്നെ .ഈ ഗ്രാമത്തിൽ അപ്പൂർവ്വമായി ലഭിക്കുന്ന മഴയും മഞ്ഞും മണ്ണിലാഴ് ത്തി കുടിവെള്ളമാക്കി നിർത്തുന്നതും ഖേജ് രി മരങ്ങൾ തന്നെ . ജോധ്പൂർ രാജാവിന് ഒരു കൊട്ടാരം പണിയണം .അതിന് ഖേജർലി ഗ്രാമത്തിലെ ഖേജ് രി മരങ്ങൾ മുറിക്കാനാണ് തീരുമാനിച്ചത് . രാജാവിന്റെ നിർദേശപ്രകാരം മരങ്ങൾ മുറിക്കാൻ തുടങ്ങി. തങ്ങളുടെ ജീവന്റെ ജീവനായ മരങ്ങൾക്കുമേൽ കോടാലി വീഴുന്നത് കണ്ട് ആദ്യം ഓടിയെത്തിയത് ഗ്രാമത്തിലെ മുത്തശ്ശിയായ അമൃതാദേവിയാണ് . അവർ മരത്തെ കെട്ടിപ്പിടിച്ചു നിന്നു .രാജകിങ്കരന്മാർ അവരെ വെട്ടിക്കൊന്നു . വിവരം കേട്ട് വിഷമിച്ച രാജാവ് ഗ്രാമത്തിനുചുറ്റുമുള്ള മരം വെട്ട് നിരോധിച്ചു .

സ്നേഹ 9. ഡി


# THE HIJACK HEROINE : LADO

Heroes are among us. As was Neerja Bhanot, an ordinary girl who found herself in an extraordinary situation , and did not back down. This is her story.



Before she stood up to a gang of hijackers on a Pan American World Airways flight, Neerja's major act of courage was to walk out of her marriage.

It was 1986. She was a 21-year old in Bombay, a striking young woman with a modelling career that was just taking off. But she agreed to a marriage proposal as per her father's wish. It was said to be a dowry less marriage. But, after her marriage, in Sharjah, she was harassed by her husband by the demands of dowry. A few months later, by the time she had returned home to wrap up a modelling assignment, she had lost 5 kg. Her husband's letter followed, listing out the conditions she was expected to follow. It included a question - “What are you? You are mere graduate.” She ended the marriage with her family's permission. She wrote a letter to her father, thanking him for his support and promising that she would make him proud. Soon after, when Pan Am decided to have an all-India crew to cater to its Asian clients, Neerja applied for the job.



Out of the 10,000 applicants, Neerja was one of the 80 candidates chosen for the job. After nearly 6-8 weeks of training in Miami, she was sent to London to be trained as a purser with 12 others.

Neerja was appointed Chief-Purser of the ill


fated Mumbai-Karachi-Frankfurt Pan Am flight flying on 5th September 1986. Four heavily armed Palestinians,belonging to the Abu Nidal organisation, hijacked the aircraft carrying 360 passengers. They grabbed Neerja. Sensing danger, she conveyed the 'hijack code' to cockpit crew. Soon, they escaped through the cockpit's emergency hatch. She protected the Americans, who were targeted by the hijackers, by hiding their passports under a seat. For 17 hours, Neerja and the crew took best care of the passengers and calmed them down. At 09:55 pm, when the flight's auxiliary power unit ran out of fuel, plunging the air craft into darkness, the hijackers went on a shooting spree. Neerja and a passenger flung open 2 emergency doors, allowing many passengers to escape. While helping 3 children slide down the chute of the emergency exit, Neerja was hit by bullets. She was rescued by 2 of her friends. While she was being carried on the structure, she spoke out her last words to a child rescued by her, it was a message to her mother - " Pushpa, I hate tears." She died before any medical assistance could reach her. She was one of the casualties. She received bravery awards from India(Ashoka Chakra), Pakistan(Tamgha-e-Pakistan), and United States(Special Courage Award)for showing incredible kindness and bravery.

Heroes don't belong to a different breed. This is true of Neerja – described by most as " An ordinary girl with an extraordinary spirit."

***Noya 9A***

**18** essay

# Nature's wonder



A beautiful summer day with a pleasant whether . The sky is a mixture of blue and yellow .the limonish grass with the greenest of shrubs is like a wonder to me .the swaying trees and golden flowers, swimming in the sunlight is the best have ever seen . The majestic mountains are a part of an artist's palette . On a tall pine tree , sat a bird whose feathers are as pink as a rose. Nearby , this scene flowed a river with crystal clear river water . It is a paradise for flora and fawns and for me too . The place seems quiet with no busy activities. The place shines like gold when the sun peeps out . This scene refreshes my mind and body .

**Naishana k . h**
**9 A**



**essay**

## ***Flood ...... is it a man made or natural disaster?***

On July 2018 kerala started to face a new nature of rain. The beautiful rain turns to a disaster the continuous rain from morning fill next day fills our rivers, dams , houses etc...no one expected this character from rain towards kerala .

I would say that this is a man made disaster . The cruel activities of humans towards the environment like deforestation , polluting the rivers , polluting of air , soil, water fly throwing of plastics. ,burning of plastics . The major problems are throwing the wastes and all to the seas, rivers , soil and cutting of trees that is also means the separating of child from its mother . Kerala is gods own country. But our kerala is first in polluting environment.



*This disaster is the voice of nature towards humans and their activities . Its cleanly shows that the environments roars , they flearece their rivers by dumping the garbages track to the humans . The man environment their life so the environment takes their livelihood . it clearly says it man made disaster . The man made it disaster and they are responsible for this situation.*

ലേഖനം20

# ഹൈടെക്ക് വിദ്യാഭ്യാസവും അദ്ധ്യാപക ശാക്തീകരണവും.

വിദ്യാഭ്യാസ മേഖല മാറ്റങ്ങൾക്ക വിധേയമാണ്.
മാറ്റങ്ങൾ ആദ്യം ഉണ്ടാവേണ്ടതും അതുൾക്കൊള്ളേണ്ടതും വിദ്യാഭ്യാസ മേഖലയാണെന്നതിൽ രണ്ടു പക്ഷമില്ല. ഇങ്ങനെയുണ്ടാകുന്ന മാറ്റങ്ങൾ പുതുതലമുറ വളരെ വേഗം ഉൾക്കൊള്ളുമെങ്കിൽ പഴയതലമുറയിൽപ്പെട്ട ചിലർക്കെങ്കിലും അതിനൽപ്പം സാവകാശം ആവശ്യമായി വന്നേക്കാം .

ശാസ്ത്ര സാങ്കേതിക മേഖലകളിലെ വൻ കുതിച്ച് ചാട്ടം ജീവിതത്തിന്റെ എല്ലാ മേഖലകളേയും വളരെ ആഴത്തിൽ സ്വാധീനിച്ചുകഴിഞ്ഞു.പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഹൈടെക്ക് വിദ്യാഭ്യാസത്തിന് പ്രാധാന്യമേറിയത്. ക്ലാസ്സ് മുറികൾ ഹൈടെക്ക് ആകുന്നതോടെ അധ്യാപകനും ഹൈടെക് ആയേമതിയാകൂ. ആവശ്യം സൃഷ്ടിയുടെ മാതാവാണല്ലോ. ഒഴിച്ചുകൂടാൻ പറ്റാത്ത അവസ്ഥയിൽ അധ്യാപകർ ഈ നൂതനത പിന്തുടരുകയുംമെല്ലെ ആണെങ്കിലും അതിന് പ്രാപ്തരാവുകയും ചെയ്യും.

## ഹൈടെക്ക് എങ്ങനെയാണ് അധ്യാപകസഹായിയാവുക

പുതുതലമുറ കുതിച്ചുചാട്ടം നടത്തുന്നതോടൊപ്പം കിതപ്പോടെ നടന്നെത്താനെങ്കിലും അധ്യാപകനെ ഹൈടെക്ക് ക്ലാസ്സ് മുറികൾ സഹായിക്കും. ' സമഗ്ര 'പോലുള്ള ഓൺലൈൻ സംവിധാനത്തെ അറിയാനും മനസ്സിലാക്കാനും ശ്രമിക്കുന്നതോടെ പരിശ്രമത്തിന് ആദ്യപടിയാകും. തുടർന്ന് കൂടുതൽ മികച്ച രീതിയിൽ അധ്യാപനം നടത്തേണ്ടതിന് പലപ്പോഴും പല 'സെർച്ച് എൻജിൻ'കളുടെയും സഹായം ആവശ്യമായി വന്നേക്കാം. പാഠഭാഗവുമായി ബന്ധപ്പെട്ട പുതിയ ആശയങ്ങൾ രൂപീകരിക്കുന്നതിനും അവ കുട്ടിയിലേക്കെത്തിക്കുന്നതിനു മായി 'ഡൗൺലോട് 'പരിചയപ്പെടുന്നതോടെ താല്പര്യമുള്ളവർക്ക് 'ഇന്റർനെറ്റ് ' ന്റെ വിശാലലോകത്തേക്ക് കടന്നെത്താൻ കഴിയുന്നു. ഹൈടെക്ക് വിദ്യാഭ്യാസം

വിദ്യാർത്ഥികൾക്ക് പഠനം ആയാസ രഹിതമാക്കുന്നതോടൊപ്പം അധ്യാപകർക്ക് മികവും പ്രദാനം ചെയ്യുന്നു.

ഇപ്പോൾ കേരളത്തിലെ ഭൂരിഭാഗം ക്ലാസ്സ് മുറികളും ഹൈടെക്ക് ആയി മാറിക്കഴിഞ്ഞു. ഹൈടെക്ക് ക്ലാസ്സ് മുറികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കൂടുതൽ കരുത്തേകിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നമ്മുടെ അധ്യാപകസമൂഹം രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ കൂടുതൽ മികവോടെ ഇടപെടാൻ കഴിവുള്ളവരായി തീരുന്നു എന്നത് അഭിമാനജനകംതന്നെയാണ്.അവസരങ്ങൾ യഥോചിതം ഉപയോഗപ്പെടുത്താനും മികവുതെളിയിക്കാനും ഓരോ അധ്യാപകനും സാധിക്കുമെന്ന് നമുക്ക് ആശിക്കാം.

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഒരു അത്ഭുതമായികണ്ട് അതിൽനിന്നും പരമാവധി അകലം പാലിച്ചുനിന്ന വലിയ ഒരു വിഭാഗം അധ്യാപകർ ഇന്നും അധ്യാപന മേഖലയുണ്ട്. അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി നിരന്തരമായി നടത്തിയ പരിശീലന പ്രക്രീയകൾ ക്രമേണ ഓരോരുത്തരെയായി ശാക്തീകരിക്കാൻ പര്യാപ്തമായി. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ 100% അധ്യാപകരും കമ്പ്യൂട്ടർ സാക്ഷരതയുള്ളവരാണെന്ന് നിസ്സംശയം പറയാൻ കഴിയും. അതിന് അതാത് കാലത്തെ സർക്കാറുകൾ വേണ്ടത്ര ശ്രദ്ധചെലുത്തിയിട്ടുണ്ട്. വ്യക്തിപരമായി ഓരോ അധ്യാപകനുമുണ്ടായ വികാസം അത്ഭുതാഹമാണ്. അതിലൂടെ വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ വളർച്ചക്ക് സർവ്വ പിന്തുണയും നൽകാൻ അധ്യാപകർക്ക് കഴിയുന്നുണ്ട്. വിദ്യാഭ്യാസ രീതിയുടെ മാറ്റത്തിലൂടെയുണ്ടായ ഉണർവ്വ് ഹൈടെക്ക് സംവിധാനത്തിന്റെ ആഗമനത്തോട് കൂടി കൂടുതൽ കാര്യക്ഷമമായി. 'ലിറ്റിൽ കൈറ്റ്സ്' പോലുള്ള പരിപാടികളും വിദ്യാർഥികളെ ഈ മേഖലയിൽ മുന്നേറാൻ

സഹായിക്കുന്നുണ്ട്. ഹൈടെക്ക് ക്ലാസ്സ് മുറിളുടെ പൂർണ്ണ നിയന്ത്രണം ഇപ്പോൾ ലിറ്റിൽ കൈറ്റ്സിന്റെ കൈകളിലാണ്.

ഹൈടെക്ക് ഉപയോകത്തിലൂടെ നമ്മൾ ഏതെല്ലാം മേഖലകളിലാണ് എത്തിപ്പെടാത്തത്? ഒരിക്കലും കാണാൻ കഴിയില്ലെന്നു വിചാരിക്കുന്ന ഏത് കാര്യവും ഒരു 'ക്ലിക്കി'ലൂടെ  കാണാനും ആസ്വദിക്കാനും കഴിയുന്നത് വലിയ നേട്ടം തന്നെയാണ് തന്നെയല്ലേ ?കേട്ടറിയുന്നതിനേക്കാൾ കൂടുതലായി കണ്ടറിയുന്നതിലൂടെ

വിദ്യാർത്ഥിക്ക് അവന്റെ ആശയങ്ങൾ വ്യക്തമാക്കാനുള്ള ശേഷി കൂടുകയും അത് അധ്യാപകന്റെ അധ്വാനഭാരത്തെ ലഘൂകരിക്കുകയും ചെയ്യുന്നു. മാറുന്ന ഈ കാലഘട്ടത്തിൽ, കമ്പ്യൂട്ടർ യുഗത്തിൽ , മറ്റുള്ളവരോട് കിടപ്പിടിക്കാനെങ്കിൽ പോലും  ആത്മഭിമാനത്തോടെ നിവർന്നുനിൽക്കാൻ അധ്യാപകർ പ്രാപ്തരായിട്ടുണ്ടെങ്കിൽ അത് ഹൈടെക്ക് ക്ലാസ്സ് മുറികളിലൂടെതന്നെയാണ്.

**കോമളവല്ലി.കെ**
**എച്ച്.എസ്.എ**
**ജി.എം.എച്ച്.എസ്.എസ്.ചീരാൽ.**



*23 ലേഖനം*

## *അമ്പിളിമാമ്മന്മാരുടെ എണ്ണംകൂട്ടാനൊരുങ്ങി*



# *ചൈന*

നമ്മുടെ ഏറ്റവും വലിയ പ്രകാശ സ്രോതസ് സൂര്യനാണെങ്കിലും രാത്രികാലങ്ങളിൽ വെളിച്ചത്തിനായി ചന്ദ്രൻ വലിയൊരു പങ്ക് വഹിക്കുന്നു.അപ്പോൾ ഒന്നിൽ കൂടുതൽ ചന്ദ്രന്മാരുണ്ടെങ്കിലോ ഈ ചിന്താഗതിക്ക് ഉത്തമ പരിഹാരമായി എന്തോക്കെയാണ് ചൈനയുടെ ബഹിരാകാശ ശാസ്ത്രജ്ഞർ.2022 ൽ ചൈന വിക്ഷേപിക്കുന്ന മൂന്ന് ബഹിരാകാശ ദർപ്പണങ്ങളെയാണ് 'കൃത്രിമ ചന്ദ്രന്മാർ' എന്ന് വിശേഷിപ്പിക്കുന്നത്.ഭൂമിയുടെ പ്രകൃതിദത്ത ഉപഗ്രഹമായ ചന്ദ്രൻ ഭൂമിയിൽ നിന്നും 3,80,000 കിലോമീറ്റർ അകലേയാണ് സ്ഥിതി ചെയ്യുന്നത്.എന്നാൽ കൃത്രിമ ചന്ദ്രന്മാരാകട്ടെ ഭൂമിയിൽ നിന്ന് 500 കിലോമീറ്റർ മാത്രം ഉയരത്തിലായിരിക്കും സ്ഥിതിചെയ്യുക.

നഗരങ്ങളുടെ സൗന്ദര്യത്തിനു മാറ്റുകൂട്ടുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ ഉപയോഗം കുറക്കുക എന്നതാണ് കൃത്രിമ ചന്ദ്രന്മാരെ കൊണ്ട് ചൈന ഉദ്ദേശിക്കുന്നത്.ചൈനയുടെ ബഹിരാകാശ ദർപ്പണത്തിന്ന് ഓരോ 80 ചതുര കിലോമീറ്റർ കൃത്യമായി വെളിച്ചം നൽകുന്നതിനും ശോഭാവ്യതിയാനം വരുത്തരന്നതിനും സാധിക്കുമെങ്കിലും ചില പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാകാനുള്ള സാധ്യത പരിസ്ഥിതി ശാസ്ത്രജ്ഞർ തള്ളികളയുന്നില്ല.ഇത് പൂർത്തീ
രിച്ചു കഴിഞ്ഞാൽ വരും വർഷങ്ങളിൽ ഇത്തരം കൃത്രിമ ചന്ദ്രന്മാർ നമുക്ക് സ്വന്തമാകുമെന്ന് പ്രതീക്ഷിക്കാം.

***സാനിയ എൻ .എൻ 9.എ***

24 ഉപന്യാസം

# വയനാടും പ്രളയവും



കേരളം കണ്ട ഏറ്റവും വലിയ മഹാ ദുരന്തമാണ് ഈ ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ നാം അനുഭവിച്ചറിഞ്ഞത്. എത്രയോ ജീവനുകളാ-ണ് ആ ദുരന്തം മരണങ്ങളാക്കി മാറ്റിയത്. ഒരു കാലത്ത് സമ്പാദിച്ചുവെച്ച സമ്പാദ്യങ്ങളെല്ലാം കൊണ്ടാണ് ആ പ്രളയം വയനാട്ടിൽ നിന്നും പോയ-ത്.

'ഓഖി' ചുഴലിക്കാറ്റിനും 'നിപ'യ്ക്കും ശേഷം വന്ന മറ്റൊരു കഠിന്യമേറി-യ ദുരന്തമായി മാറിയിരിക്കുകയാണ് ഈ മഹാ പ്രളയം.കഴിഞ്ഞ കൊല്ലം 2017-ൽ വേനലിനാൽ വരണ്ടുണങ്ങിയ വയനാട് 2018-ൽ പൂർണ ആർ-ജവത്തോടെ ശക്തമായ മഴയോടെ തിരിച്ചുവന്നു. എന്നാൽ ഈ മഴ അധി-ക കാലമൊന്നും സന്തോഷ ഭരിതമാക്കിയില്ല.നേരേ മറിച്ച് വയനാടിനെ വിഴുങ്ങിയാണ് ആ മഴക്കാലം വന്നത്. എത്രയോ സമയങ്ങളിൽ നിർത്താ തെയുള്ള ഈ മഴ വയനാട്ടിൽ മാനന്തവാടിയെയാണ് ശക്തമായി ബാധി-ച്ചത്.

കഠിനാധ്വാനം കൊണ്ട് കെട്ടുറപ്പിച്ച എത്രയോ പാർപ്പിടങ്ങൾ ചുരുങ്ങി യ സമയം കൊണ്ട് അപ്രത്യക്ഷമായി.കൂടാതെ കൃഷി ഒരു ഉപജ്ജീവന മാർ ഗമായി സ്വീകരിച്ചിരിന്ന കർഷകർക്ക് ഈ പ്രളയം ഒരു തിരിച്ചടിയായി-രുന്നു.അത്യധ്വാനം കൊണ്ട്ചുവടുപിടിപ്പിച്ച വാഴകളും,കവുങ്ങുകളും,തെ-ങ്ങും മറ്റ് കൃഷികളും വെള്ളത്തിൽ ഒലിച്ചുപോയി.ഈ വർഷം ഒരു ദുരന്ത വർഷമാണെന്ന് പറയാം.ഓഖിയും, നിപയും,ഈ മഹാ പ്രളയവും കേര-ളത്തിന് വലിയ ഒരു നാശനഷ്ടമാണ് വരുത്തി വച്ചത്.ഇന്ന് പാവപ്പെട്ടവ-

രും,കോടീശ്വരന്മാരും ഒരേ നിലയിലാണ് ജീവിക്കുന്നത്.കൂടാതെ ഓരോ ദിവസവും ഒരുപാടൊരുപാട് ജീവനുകളാണ് പൊലിഞ്ഞുപോയത്.ഓരോ വീടുകളുടെ ഉള്ളിലും കയറുവാൻ ഭയമാണ്.എത്രയോ ഇഴജന്തുക്കളുടെ ജഡങ്ങളാണ് കാണുവാൻ സാധിക്കുന്നത്.എത്രയോ പേർ പാമ്പുകടിയേ-റ്റ് മരണപ്പെട്ടു.എത്രയോ വീടിനുള്ളിൽ മണൽ നിറഞ്ഞു.അത്ഭുതകരമായി രക്ഷപ്പെട്ടവരുമുണ്ട് ഇന്ന് ദുരിതാശ്വാസ ക്യാമ്പിൽ.ഈ മഹാപ്രളയം മൂലം എത്രയോ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായി.ഈ പ്രളയം മൂലം ഒരു-പാട് ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കേണ്ടി വന്നു.ഓരോ സ്കൂളുകളിലും ദുരി താശ്വാസ ക്യാമ്പുകൾ നടത്തിയതിനാലും,കനത്ത മഴയെ തുടർന്ന് വിദ്യാ ലയങ്ങൾക്ക് ഒരു മാസത്തോളം അവധി ലഭിച്ചു.മണ്ണിടിച്ചിൽ മൂലം വയനാ ട് ഒറ്റപ്പെട്ടു.ഇടുക്കിഡാം നിറയുന്തോറും ഷട്ടറുകൾ തുറന്നുകൊണ്ടേയിരുന്നു. അപ്പോഴും എല്ലാവരുടെ ജീവന്റെ ഉറവിടങ്ങൾ അപ്രത്യക്ഷമായി.നെടുമ്പാ ശ്ശേരി വിമാനത്താവളം വെള്ളത്തിനടിയിൽ ആവുകയും ചെയ്തു.


എന്നാൽ മഹാമനസ്കതയുള്ള കുട്ടികളടക്കമുള്ള ഒരുപാട് മനുഷ്യർ കേരളത്തിന് സഹായവുമായി മുന്നോട്ടുവന്നു.തന്റെ ജീവിതം പണയം വെച്ച് വീടുകളിൽ



കുടുങ്ങിയിരിക്കുന്നവരെ അധിസാഹസി-കമായി രക്ഷിച്ചു. മറ്റ് രാജ്യങ്ങളിൽ നിന്നെല്ലാം 700 കോടിയോളം രൂപ കേരളത്തിന് വേണ്ടി അവർ നൽകി.എന്നാലും എത്രയോ പേരുടെ പ്രാർത്ഥന മൂലം ജീവൻ രക്ഷപ്പെട്ടവരുമുണ്ട് ഇനിയും കേരളമൊന്ന് പുതുക്കിയെടുക്കാൻ എത്ര സമയം വേണമെന്ന് നമുക്കാർക്കുമറിയില്ല.

**മിദ്‌ലാജ് 9.A**

# NUMBER AND PUZZLE



= 10

=12

=3

=?

Naishana k.h
279.A

പദപ്രശ്നം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മ 1 | ക് 3 | രം | | | | | | | |
| 2 പാ | ട | ലീ | പു | ത്രം | | | | | |
| | ലാ | | | | | | | | |
| | 4 മ | ദ | ർ | തെ | രേ | 5 സ | | | |
| | | | | | | മ | | | |
| | | | | | | 6 ച | ല | ച്ചി | ത്രം |
| | | | | | | തു | | | |
| | | | ഘ 7 | ടി | കാ 8 | രം | | | |
| | | | | | സ | | | | |
| | | | | | ർ | | | | |
| | | | | | ഗോ | | | | |
| | | | | | ഡ് | | | | |

*വലത്തോട്ട്*

*1. ഒരു മലയാളമാസം .*

*2. മഗധയുടെ ആദ്യ തലസ്ഥാനം .*

*4. അഗതികളുടെ അമ്മ എന്നറിയപ്പെടുന്നത് .*

*6. സിനിമ എന്നാണ് ഈ വാക്കിനക്കിനർത്ഥം*

*7. ക്ലോക്ക് എന്നാണ് ഈ വാക്കിനക്കിനർത്ഥം .*

*താഴേക്ക്*

*3. മുട്ടയിടാനായി ഈ ജീവി കടലിൽ നിന്നും കരയിലെത്തും .*

*4. നാലുവശത്തും ഒരേ നിളമുള്ള ചതുരം .*

*8. വടക്കെയറ്റത്തെ ജില്ല .*

*അനശ്രീ കെ. ആർ*

*28 8. സി*

# maths puzzles

| | | | | |
|---|---|---|---|---|
| | + | | = | 8 |
| 4 | - | | = | 2 |
| | - | | = | 6 |
| 3 | + | | = | 10 |
| 13 | | 8 | = = | 5 |

*Naishana k h*

**DISCIPLINE**

| | |
|---|---|
| D | 4 |
| I | 9 |
| S | 19 |
| C | 3 |
| I- | 9 |
| P- | 16 |
| L- | 12 |
| I - | 9 |
| N- | 14 |
| E- | 5 |
| TOTAL | 100 |

**ANJITHA PV**
**9.A**

# ഞങ്ങളുടെ അഭിമാന താരങ്ങൾ

30



സംസ്ഥാനതല അറബി പദ്യം ചൊല്ലലിൽ എ ഗ്രേഡ് കരസ്ഥമാക്കി

മുഹമ്മദ് ഫാരിസ്

സംസ്ഥാനതല സംസ്കൃതം

കഥാരചനയിൽ

എ ഗ്രേഡ് കരസ്ഥമാക്കി



അഭിഷ ഗംഗ

സംസ്ഥാനതല സംസ്കൃതം

അക്ഷരശ്ലോകത്തില് എ ഗ്രേഡ് കരസ്ഥമാക്കി

സംസ്ഥാനതല 200 മീറ്റർ

ഓട്ടത്തിൽ

എ ഗ്രേഡ് കരസ്ഥമാക്കി













**ADARSH S.K**





ADARSH S.K






Alan

# ഞങ്ങൾ കടപ്പെട്ടിരിക്കുന്നു......

ഡിജിറ്റൽ മാകസിൻ അവിസ്മരണീയമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മുഖപ്രസംഗം തയ്യാറാക്കാൻ സഹായിച്ച ദിവിന ടീച്ചർക്കും മാഗസിൻ തയായാറാക്കാൻ സഹായിച്ച സിദ്ദിക്ക് സാറിനും എല്ലാ സഹായ സഹകരണങ്ങൾ നൽകിയ ബിന്ദുടീച്ചർക്കും ജയടീച്ചർക്കും നന്ദിയറിയിക്കുന്നു.....

സ്നേഹപൂർവ്വം

എഡിറ്റർ